പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5641</u> | <u>24.05.2017 ൽ മറുപടിക്ക്</u>

## **കോട്ടക്കൽ മണ്ഡലത്തിലെ പി എച്ച് സി -കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി എച്ച് സി കളെ സി എച്ച് സി കളാക്കി മാറ്റുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികളുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ കോപ്പികളും ലഭ്യമാക്കുമോ; | (എ) & (ബി) | കോട്ടക്കൽ നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമാണ്. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മറ്റ് പി.എച്ച്.സികൾ വളാഞ്ചേരി, മാറാക്കര, പൊൻമള എന്നിവയാണ്. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിൽ പൊൻമള പി.എച്ച്.സി യും ഉൾപ്പെട്ടിട്ടുണ്ട്.<br><br>കോട്ടക്കൽ ബ്ലോക്ക് തല സി.എച്ച്.സി എന്ന നിലയ്ക്ക് സ്റ്റാന്റൈഡൈസേഷന്റെ ഭാഗമായി ഡോക്ടർമാരുടെ 7 തസ്തിക ഉൾപ്പടെ 37 അധിക തസ്തിക സൃഷ്ടിക്കുന്നതിനും വളാഞ്ചേരി 24x7 പി.എച്ച്.സി യെ സി.എച്ച്.സി ആയി ഉയർത്തുന്നതിനുമുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. മാറാക്കര പി.എച്ച്.സിയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.<br><br>ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ ഒരു പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിന് എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ